നിയമിച്ചിട്ടുണ്ട്. ഈ സ്ഥാപനത്തിനു വേണ്ടി കെട്ടിടം നിർമ്മിക്കാനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. പുതിയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ചാർജെടുത്തു കഴിഞ്ഞാൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായ തോതിൽ ആരംഭിക്കുവാൻ നടപടി എടുക്കുന്നതാണ്.

സർക്കാർ ജീവനക്കാരുടെ ചികിത്സയ്ക്ക് പലിശ രഹിത വായ്പ

96 (3849) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ-ജീവനക്കാർക്ക് ഏതൊക്കെ രോഗങ്ങൾക്ക് എത്ര രൂപ വരെയാണ് പലിശരഹിത ചികിത്സാ വായ്പ ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത വായ്പ ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ചികിത്സയ്ക്ക് ശേഷം ജീവിക്കാൻ എത്ര ശതമാനം സാദ്ധ്യതയുണ്ട് എന്നത് രോഗിതന്നെ സത്യവാങ്മൂലം നൽകണമെന്ന നിർദ്ദേശം നിലവിലുണ്ടോ ; എങ്കിൽ ഇത് പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) സർക്കാർ ജീവനക്കാർക്ക് ചികിത്സയ്ക്ക് പലിശരഹിത വായ്പ നൽകുന്നതു സംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി നൽകിയിരിക്കുന്നു.*

(സി) സർക്കാർ ജീവനക്കാർക്ക് ചെലവേറിയതും മാരകവുമായ രോഗ ചികിത്സയ്ക്കായി നൽകിവരുന്ന പലിശ രഹിത വായ്പക്കുള്ള അപേക്ഷകൾ ഒരു വിദഗ്ദ്ധ സമിതി പരിശോധിച്ച് പ്രസ്തുത ചികിത്സയുടെ ഫലമായി രോഗിക്ക് രോഗത്തെ എത്രത്തോളം അതിജീവിക്കാൻ സാധിക്കും എന്ന് നിർണ്ണയിക്കുന്നതിന് 7-4-2003-ലെ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത ഉത്തരവ് 5-6-2003-ലെ ഉത്തരവുപ്രകാരം പിൻവലിച്ചിട്ടുണ്ട്.

കെ. എസ്. ഡി. പി. നേരിടുന്ന പ്രതിസന്ധി

97 (3850) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണകുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവശ്യമായ പർച്ചേസ് ഓർഡർ ലഭിക്കാത്തതുമൂലം കെ.എസ്.ഡി.പി. പ്രതിസന്ധി നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പൊതുമേഖലാസ്ഥാപനത്തിൽ ഉൽപ്പാദിപ്പിച്ചിട്ടുള്ള എത്ര ലക്ഷം രൂപയുടെ മരുന്നുകളാണ് ആവശ്യക്കാരില്ലാതെ കെട്ടിക്കിടക്കുന്നത് എന്ന് അറിയിക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly